**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.928** **09.08.2017-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; | (എ) ഇല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ടി പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തിയിട്ടുണ്ട്.ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തി നിയമനടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന "അപ്നാഘർ" ഭവനപദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 25000 രൂപ വരെയുള്ള ചികിത്സാ സഹായം, 25000 രൂപ |

| | | |
|---|---|---|
| | | വരെയുള്ള ആശ്വാസ ധനസഹായം, 25000 രൂപ വരെയുള്ള ടെർമിനൽ ബെനഫിറ്റ്, 10000 രൂപ സ്വാഭാവിക മരണാനന്തര ആനുകൂല്യം, അപകട മരണം സംഭവിക്കുന്നവർക്ക് 50000 രൂപ മരണാനന്തര ആനുകൂല്യം, ഭൗതികശരീരം സ്വന്തം നാട്ടിലെത്തിക്കാൻ 15000 രൂപ വരെയുള്ള സഹായം എന്നീ ആനുകൂല്യങ്ങളും ലഭ്യമാണ്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രത്യേക ഐഡന്റിറ്റി കാർഡ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | (ബി) ഇല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ.